ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 11.07.2026**

## പ്രധാനവാർത്തകൾ

1. ന്യൂസിലൻഡ് സന്ദർശനം പൂർത്തിയാക്കിയ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ത്യയിലേക്ക് യാത്ര തിരിച്ചു.
2. വയനാട്ടിൽ കള്ളാടിയിലെ മണ്ണിടിച്ചിൽ സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്താൻ അഞ്ചംഗ വിദഗ്ധ സമിതിയെ നിയോഗിച്ച് സംസ്ഥാന സർക്കാർ.
3. സംസ്ഥാനത്തെ പൊലീസിനെ കൂടുതൽ ജനസൗഹൃദമാക്കുമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല.
4. സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കൂടുതൽ നടപടികൾ സ്വീകരിക്കുമെന്ന് ആരോഗ്യ മന്ത്രി കെ മുരളീധരൻ.
5. സംസ്ഥാനത്ത് വിവിധയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; കർണാടക തീരത്ത് മത്സ്യബന്ധനത്തിന് വിലക്ക്.
6. ഫിഫ ലോകകപ്പ് ഫുട്ബോളിൽ സെമി ഫൈനൽ യോഗ്യതയ്ക്കായി നോർവേ - ഇംഗ്ലണ്ടിനെയും, അർജന്റീന സ്വിറ്റ്സർലൻഡിനെയും നേരിടും.

&&&&&&&&&&&&&&&&&&&&&&

PNU TVPM

## പ്രധാനമന്ത്രി -ന്യൂസിലൻഡ്

ന്യൂസിലൻഡിലെ ഇന്ത്യൻ സമൂഹം ഇരുരാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തത്തിന്റെ ശക്തമായ സ്തംഭമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഓക് ലാൻഡിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യ-ന്യൂസിലൻഡ് ബന്ധം പരസ്പര സൗഹൃദത്തിലും പൊതുവായ മൂല്യങ്ങളിലും അധിഷ്ഠിതമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. പതിനായിരത്തിലധികം ഇന്ത്യൻ പ്രവാസികളാണ് പരിപാടിയിൽ പങ്കെടുത്തത്. ന്യൂസിലൻഡ് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി ഇന്ത്യയിലേക്ക് യാത്ര തിരിച്ചു.

&&&&&&&&&&&&&&&&&&&&&

## ഐ.എൻ.എസ് - മഹേന്ദ്രഗിരി

ഇന്ത്യൻ നാവികസേനയുടെ അത്യാധുനിക യുദ്ധക്കപ്പലായ 'ഐ.എൻ.എസ് മഹേന്ദ്രഗിരി' രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗിന്റെ സാന്നിധ്യത്തിൽ വിശാഖപട്ടണത്ത് കമ്മീഷൻ ചെയ്തു. കപ്പൽ നിർമ്മാണ രംഗത്ത് ഇന്ത്യ കൈവരിക്കുന്ന സ്വയംപര്യാപ്തതയുടെ പ്രതീകമാണ് മഹേന്ദ്രഗിരിയെന്ന് ശ്രീ രാജ്നാഥ്സിംഗ് വിശേഷിപ്പിച്ചു. വ്യോമ, ഉപരിതല, അന്തർവാഹിനി ഭീഷണികളെ ഒരുപോലെ പ്രതിരോധിക്കാൻ ശേഷിയുള്ള ഈ യുദ്ധക്കപ്പൽ, ഇന്ത്യൻ സമുദ്രമേഖലയിലെ രാജ്യത്തിന്റെ സാന്നിധ്യം കൂടുതൽ ശക്തമാക്കും. പ്രൊജക്ട് 17-എ പദ്ധതിക്ക് കീഴിൽ നാവികസേനയുടെ ഭാഗമാകുന്ന ആറാമത്തെ തദ്ദേശീയ യുദ്ധക്കപ്പലാണിത്.

PHUTVPM

&&&&&&&&&&&&&&&&&&&&&

## കള്ളാടി-വിദഗ്ധ സമിതി

വയനാട്ടിൽ കള്ളാടി തുരങ്ക നിർമാണ പ്രദേശത്തെ മണ്ണിടിച്ചിൽ സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്താൻ സംസ്ഥാന സർക്കാർ അഞ്ചംഗ വിദഗ്ധ സമിതിയെ നിയോഗിച്ചു. ഭൗമ ശാസ്ത്രജ്ഞൻ ഡോ. സി. പി രാജേന്ദ്രനാണ് സമിതി അധ്യക്ഷൻ. പരിസ്ഥിതി ശാസ്ത്രജ്ഞൻ വിഷ്ണു ദാസ്, ചീഫ് വൈൽഡ് ലൈഫ് വാർഡൻ പി. പുഗഴേന്തി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി

അദീല അബ്ദുള്ള എന്നിവരാണ് സമിതിയിലെ അംഗങ്ങൾ. ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറി ജീവൻ ബാബു കെയാണ് കൺവീനർ. കേന്ദ്ര -സംസ്ഥാന സർക്കാരുകൾ നൽകിയ പാരിസ്ഥിതി അനുമതികൾ വിലയിരുത്തൽ, സുരക്ഷാ വീഴ്ചകൾ, കരാർ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്നിവ സമിതി പരിശോധിക്കും. അന്വേഷണം പൂർത്തിയാക്കി ഒരു മാസത്തിനകം സമിതി റിപ്പോർട്ട് സമർപ്പിക്കും.

&&&&&&&&&&&&&&&&&&&&&

## വയനാട് - രക്ഷാപ്രവർത്തനം

അതേസമയം, മണ്ണിടിച്ചിൽ പ്രദേശങ്ങളിൽ രക്ഷാ- ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഊർജിതമായി മുന്നോട്ട് പോവുകയാണെന്ന് മന്ത്രി എ പി അനിൽകുമാർ. ദുരന്തബാധിത പ്രദേശങ്ങളും ക്യാമ്പുകളും സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കാലാവസ്ഥ അനുകൂലമാണെങ്കിൽ വരും ദിവസങ്ങളിൽ കൂടുതൽ പ്രദേശങ്ങളിലേക്ക് തിരച്ചിൽ വ്യാപിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&

PNUTVPM

## മന്ത്രി രമേശ് ചെന്നിത്തല (ഇൻട്രോ)

പൊലീസിനെ കൂടുതൽ ജനസൗഹൃദമാക്കുമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. എറണാകുളം പ്രസ്ക്ലബിൽ മുഖാമുഖം പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അടുത്തമാസം 15 മുതൽ നവീകരിച്ച പൊലീസ് സേനയാകും സംസ്ഥാനത്തുണ്ടാവുകയെന്നും പൊലീസിനെ കുറിച്ചുള്ള പരാതികൾ പരിഹരിക്കാൻ പുതിയ സംവിധാനം വരുമെന്നും ആഭ്യന്തര മന്ത്രി പറഞ്ഞു. ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി ഈ മാസം 8 വരെ 6,632 പേരെ  അറസ്റ്റ് ചെയ്തതായും അദ്ദേഹം അറിയിച്ചു.

(വോയിസ്)

&&&&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - കൊച്ചി

കൊച്ചി കോർപറേഷൻറെ മൂന്നാമത് റോ- റോ വെസൽ നാളെ മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും.
റോ-റോയിൽ വനിതകൾക്ക് സൗജന്യ യാത്ര അനുവദിക്കുന്ന 'ഇന്ദിര യാത്ര' പദ്ധതിയുടെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും. വാഹനങ്ങളില്ലാതെ വരുന്ന സ്ത്രീകൾക്കാണ് സൗജന്യ യാത്ര അനുവദിക്കുക. കൊച്ചി ഷിപ്പ് യാർഡിൽ നിർമ്മാണം പൂർത്തിയായ റോ -റോ വെസ്സലിൽ 14 ട്രക്കുകൾക്കും 12 കാറുകൾക്കും 50 യാത്രക്കാർക്കും
യാത്ര ചെയ്യാൻ സൗകര്യമുണ്ടാകും.

&&&&&&&&&&&&&&&&&&&&&&

## ആരോഗ്യമന്ത്രി കെ.മുരളീധരൻ (ഇൻട്രോ)

സർക്കാർ ഫണ്ടിനു പുറമെ സി എസ് ആർ ഫണ്ട് ഉപയോഗിച്ചും സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടികൾ സ്വീകരിക്കുമെന്ന് ആരോഗ്യ മന്ത്രി കെ മുരളീധരൻ. ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികളും തീരുമാനങ്ങളും ഉൾക്കൊള്ളുന്ന പ്രോഗ്രസ് റിപ്പോർട്ടിൻറെ പ്രകാശനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. എല്ലാ മെഡിക്കൽ കോളേജുകളിലും രോഗികൾക്ക് കിടക്ക ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. രോഗികളുടെ എണ്ണത്തിനനുസരിച്ച് ഡോക്ടർമാരുടെ സേവനം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

(വോയിസ്)

&&&&&&&&&&&&&&&&&&&&&&

## മന്ത്രി അനൂപ് ജേക്കബ്-ക്യാമ്പ്

സംസ്ഥാനത്തെ 100 തദ്ദേശസ്ഥാപനങ്ങളിൽ ഓട്ടോറിക്ഷ ഫെയർ മീറ്റർ വെരിഫിക്കേഷൻ ക്യാമ്പ് സംഘടിപ്പിക്കുമെന്ന് മന്ത്രി അനൂപ് ജേക്കബ്. കൂത്താട്ടുകുളം മുൻസിപ്പൽ ടൗൺഹാളിൽ വെരിഫിക്കേഷൻ ക്യാമ്പിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹികയായിരുന്നു മന്ത്രി. സർക്കാരിന്റെ നൂറുദിന

PNU TVPM

കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയാണു ലീഗൽ മെട്രോളജി വകുപ്പ് ജൂലൈ മുതൽ എല്ലാ ജില്ലകളിലും വെരിഫിക്കേഷൻ ക്യാമ്പുകൾ നടപ്പാക്കുന്നത്. ഓട്ടോറിക്ഷ തൊഴിലാളികൾ ഈ സേവനം പരമാവധി പ്രയോജനപ്പെടുത്തണമെന്നും മന്ത്രി അഭ്യർഥിച്ചു.

&&&&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്നത്തെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാം.

&&&&&&&&&&&&&&&&&&&&&

## കാലാവസ്ഥ

സംസ്ഥാനത്ത് ഇന്ന് വിവിധയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കർണാടക തീരത്ത് ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

RNUTVM

&&&&&&&&&&&&&&&&&&&&&

## നീലക്കുറിഞ്ഞി വസന്തം (ഇൻട്രോ)

മൂന്നാർ മലനിരകളിൽ വീണ്ടും നീലക്കുറിഞ്ഞി വസന്തമെത്തുന്നു. പന്ത്രണ്ട് വർഷത്തിലൊരിക്കൽ മാത്രം പൂക്കുന്ന നീല കുറിഞ്ഞികളാണ് ഇത്തവണ ചൊക്രമുടി, മീശപ്പുലിമല ഉൾപ്പെടെയുള്ള മേഖലകളിൽ വിരുന്നെത്തുന്നത്. **വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ല പ്രതിനിധി രതീഷ് കൃഷ്ണ......** (വോയിസ്)

&&&&&&&&&&&&&&&&&&&&&

## ഓണം - റെയിൽവേ

ഓണക്കാലത്തെ യാത്രത്തിരക്ക് കുറയ്ക്കാൻ റെയിൽവേ മൂന്ന് പ്രത്യേക സർവ്വീസുകൾ കൂടി അനുവദിച്ചു. തിരുവനന്തപുരം

നോർത്തിൽ നിന്ന് മംഗളൂരുവിലേക്കും ചെന്നൈയിൽനിന്ന് കൊല്ലത്തേക്കും ബെംഗളൂരുവിൽ നിന്ന് എറണാകുളത്തേക്കും ആണ് ട്രെയിനുകൾ അനുവദിച്ചത്. ചെന്നൈയിൽനിന്ന് കൊല്ലത്തേക്ക് ഓഗസ്റ്റ് 13 മുതൽ സെപ്റ്റംബർ അഞ്ചുവരെ വ്യാഴം, ശനി ദിവസങ്ങളിലാണ് സർവീസ്. വെള്ളി, ഞായർ ദിവസങ്ങളിലാണ് മടക്കയാത്ര. ടിക്കറ്റുകൾ ഇന്ന് മുതൽ ബുക്ക് ചെയ്യാം.

&&&&&&&&&&&&&&&&&&&&&

## സെൻസസ്

സെൻസസ് 2027 ന്റെ ഭാഗമായുള്ള വിവരശേഖരണ പ്രവർത്തനങ്ങൾ കേരളത്തിൽ പുരോഗമിക്കുന്നു. എന്യൂമറേറ്റർമാരുടെ ഭവന സന്ദർശനം ഈ മാസം 30 വരെ തുടരും. വീടുകളുടെ കണക്കെടുപ്പാണ് ഈ ഘട്ടത്തിൽ നടക്കുന്നത്. അടുത്ത വർഷം ഫെബ്രുവരിയിൽ ജനസംഖ്യ കണക്കെടുപ്പ് നടക്കും.

&&&&&&&&&&&&&&&&&&&&&

RNU TVPM

## ഫിഫ ലോകകപ്പ്

ഫിഫ ലോകകപ്പ് ഫുട്ബോളിൽ സെമി ഫൈനൽ യോഗ്യത നേടാനുള്ള നിർണ്ണായക ക്വാർട്ടർ ഫൈനൽ മത്സരങ്ങൾ ഇന്ന് അർധരാത്രി ആരംഭിക്കും. മിയാമി സ്റ്റേഡിയത്തിൽ നോർവേ - ഇംഗ്ലണ്ട് പോരാട്ടം ഇന്ത്യൻ സമയം പുലർച്ചെ 2.30ന് തുടങ്ങും. നാളെ രാവിലെ 6.30 ന് നടക്കുന്ന മത്സരത്തിൽ അർജന്റീന സ്വിറ്റ്സർലൻഡുമായി ഏറ്റുമുട്ടും. ഈ മത്സരങ്ങളിലെ വിജയികൾ കൂടി എത്തുന്നതോടെ ലോകകപ്പിന്റെ സെമി ഫൈനൽ ചിത്രം വ്യക്തമാകും. നേരത്തെ നടന്ന ക്വാർട്ടർ ഫൈനൽ മത്സരങ്ങളിൽ വിജയിച്ച് സ്പെയിനും ഫ്രാൻസും സെമി ഫൈനലിൽ പ്രവേശിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&

## വിയറ്റ്നാം-അപകടം

വിയറ്റ്നാമിൽ ഇന്ത്യൻ വിനോദസഞ്ചാരികൾ സഞ്ചരിച്ച ബോട്ട് മറിഞ്ഞ് 15 പേർ മരിച്ചതായി ഇന്ത്യൻ എംബസി. 32 വിനോദ സഞ്ചാരികളും നാല് ജീവനക്കാരുമാണ് ബോട്ടിൽ ഉണ്ടായിരുന്നത്. 21 പേരെ രക്ഷപ്പെടുത്തിയതായി പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. സംഭവത്തിൽ ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്ര മോദിയും അനുശോചനം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&&&&

## കണ്ണൂർ - ചികിത്സാപ്പിഴവ്

കണ്ണൂർ പയ്യന്നൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സാപ്പിഴവിനെത്തുടർന്ന് ഒന്നരവയസുകാരൻ മരിച്ച സംഭവത്തിൽ ആശുപത്രിക്ക് മുന്നിൽ ജനകീയ പ്രതിഷേധം. കഴിഞ്ഞ ഞായറാഴ്ച വീട്ടിൽ കളിക്കുന്നതിനിടെ വീണ് താടിയിലെ ചെറിയ മുറിവിന് ചികിത്സ തേടിയാണ് കുട്ടിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ചികിത്സയ്ക്കായി അനസ്തേഷ്യ നൽകിയതോടെ കുട്ടിയുടെ ആരോഗ്യസ്ഥിതി മോശമാവുകയായിരുന്നു. വെന്റിലേറ്ററിൽ പ്രവേശിപ്പിച്ച കുട്ടി ഇന്നലെ രാത്രിയാണ് മരിച്ചത്.

PNUTVPM

&&&&&&&&&&&&&&&&&&&&&

## യു പി എസ് സി

കേന്ദ്ര സർക്കാരിന് കീഴിലെ വിവിധ തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനത്തിന് യു.പി.എസ്.സി അപേക്ഷ ക്ഷണിച്ചു. ഈ മാസം 31 വരെ അപേക്ഷ സമർപ്പിക്കാം. വിശദവിവരങ്ങൾ ഔദ്യോഗിക വെബ്സൈറ്റായ upsc.gov.in ൽ പരിശോധിക്കാം.

&&&&&&&&&&&&&&&&&&&&&

## കർഷക അവാർഡ്

സംസ്ഥാന കർഷക അവാർഡുകൾക്കായുള്ള അപേക്ഷകൾ ഈ മാസം 13 വരെ ബന്ധപ്പെട്ട കൃഷിഭവനുകളിൽ സമർപ്പിക്കാം. കാർഷിക മേഖലയിലെ സമഗ്ര സംഭാവനകൾക്കുള്ള 'ശ്രീ ഉമ്മൻ ചാണ്ടി സ്മാരക അവാർഡ്' ഉൾപ്പടെ 38 വിഭാഗങ്ങളിലായാണ്

പുരസ്കാരം. ഇതോടൊപ്പം 'മട്ടുപ്പാവ് കൃഷി ചെയ്യുന്ന മികച്ച കർഷകൻ ', 'ഉദ്യാന ശ്രേഷ്ഠ' എന്നീ രണ്ട് പുതിയ വിഭാഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. അവാർഡുകൾ ഓഗസ്റ്റ് 17-ന് നടക്കുന്ന സംസ്ഥാന കർഷകദിനാഘോഷ ചടങ്ങിൽ വിതരണം ചെയ്യും.

&&&&&&&&&&&&&&&&&&&&&

<u>മന്ത്രി ബിന്ദു കൃഷ്ണ</u>

വള്ളംകളി ഉൾപ്പെടെയുള്ള പൊതുഉത്സവ പരിപാടികളിൽ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കി വിപുലമാക്കണമെന്ന് മന്ത്രി ബിന്ദു കൃഷ്ണ. ഇതിലൂടെ ലഹരി പോലുള്ള സാമൂഹിക വിപത്തുകളിൽ നിന്നും യുവതലമുറയെ വഴിതിരിച്ചു വിടാൻ സാധിക്കുമെന്നും അവർ പറഞ്ഞു. ഓഗസ്റ്റ് 28ന് കൊല്ലത്ത് നടക്കുന്ന ശ്രീനാരായണ ട്രോഫി - കന്നേറ്റി വള്ളംകളിയുടെ സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കഴിഞ്ഞ വർഷത്തെ വിജയികൾക്കുള്ള സമ്മാനങ്ങൾ ചടങ്ങിൽ സമ്മാനിച്ചു.

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&&&&&&&&&

RNU TVPM